# യൂദാ എഴുതിയ ലേഖനം

യേശുക്രിസ്തുവിന്റെ ദാസനും യാക്കോബി
ന്റെ സഹോദരനുമായ യൂദാ, ദൈവത്താൽ
വിളിക്കപ്പെട്ട എല്ലാവർക്കും വേണ്ടി അഭിവാദ്യ
ങ്ങൾ നേരുന്നു. പിതാവായ ദൈവം നിങ്ങളെ
സ്നേഹിക്കുകയും യേശുക്രിസ്തുവിൽ നിങ്ങ
ളെ സുരക്ഷിതരാക്കുകയും ചെയ്യുന്നു. **2**എല്ലാ
കരുണയും സമാധാനവും സ്നേഹവും നിങ്ങ
ളുടേതായിരിക്കട്ടെ.

### തെറ്റു ചെയ്യുന്നവർക്കു ദൈവത്തിന്റെ ശിക്ഷ

**3**പ്രിയ സ്നേഹിതാ നാമെല്ലാം പങ്കു പറ്റുന്ന
രക്ഷയെക്കുറിച്ച് നിങ്ങൾക്കെഴുതണമെന്നു
എനിക്കു അതിയായ ആകാംക്ഷയുണ്ട്. എ
ന്നാൽ മറ്റു ചിലതിനെപ്പറ്റി എഴുതേണ്ടതിന്റെ
ആവശ്യകതയുണ്ടായി. ദൈവം തന്റെ വിശുദ്ധ
ജനത്തിന് നൽകിയ വിശ്വാസത്തിനു വേണ്ടി
കഠിനമായി യത്നിക്കാൻ നിങ്ങളെ പ്രോത്സാ
ഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം
ഒരിക്കൽ ഈ വിശ്വാസം തന്നു. എന്നാൽ ഇത്
എല്ലാക്കാലത്തേക്കും നല്ലതാണ്. **4**രഹസ്യമായി
ചിലർ നിങ്ങളുടെ സംഘത്തിലേക്കു കടന്നി
ട്ടുണ്ട്. അവരുടെ പ്രവൃത്തികളാൽ കുറ്റക്കാരെന്ന്
നേരത്തേ തന്നെ വിധിക്കപ്പെട്ടവരാണ് അവർ.
വളരെ മുൻപ് തന്നെ പ്രവാചകർ ഇവരെപ്പറ്റി
എഴുതി. ഇവർ ദൈവത്തിനെതിരാണ്. അവർ
നമ്മുടെ ദൈവത്തിന്റെ കൃപയെ പാപ പ്രവൃ
ത്തികൾക്കുള്ള ഒഴികഴിവായി ഉപയോഗി
ക്കുന്നു. നമ്മുടെ ഏകഗുരുവും കർത്താവുമായ
യേശുക്രിസ്തുവിനെ സ്വീകരിക്കാൻ ഇവർ
വിസമ്മതിക്കുന്നു.

**5**നിങ്ങൾക്ക് നേരത്തേതന്നെ അറിയാവുന്ന
ചില കാര്യങ്ങൾ ഓർമ്മിക്കാനായി ഞാൻ
നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നു. മിസ്ര
യീമിൽനിന്നു പുറത്തു കൊണ്ടു വന്ന്
കർത്താവ് അവന്റെ ജനത്തെ എങ്ങനെ രക്ഷി
ച്ചു എന്നത് നിങ്ങൾ ഓർക്കുക. പക്ഷേ പിന്നീട്
അവരിലുള്ള അവിശ്വാസികളെ എല്ലാം ദൈ
വം നശിപ്പിച്ചു. **6**അധികാരമുണ്ടായിരുന്നിട്ടും
അതു നിലനിർത്താതിരുന്ന ദൂതന്മാരെ ഓർ
ക്കുക. അവർ അവരുടെ സ്വന്തവീട് വിട്ടു
പോയി. അതുകൊണ്ട് കർത്താവ് അവരെ ഇരു
ട്ടിലാക്കി. ശാശ്വതമായ ചങ്ങലകളാൽ അവർ
ബന്ധിതരാണ്. ആ മഹത്ദിനത്തിൽ വിചാ
രണ ചെയ്യുവാനായി അവൻ അവരെ സൂക്ഷി
ച്ചിരിക്കുകയാണ്. **7**പട്ടണങ്ങളായ സൊദോമി
നെയും, ഗൊമോരായെയും ചുറ്റു വട്ടത്തിലുള്ള
പട്ടണങ്ങളെയും ഓർക്കുക. ആ നഗരങ്ങളിലെ
ആളുകൾ ആ ദൂതന്മാരെപ്പോലെ തന്നെയായി
രുന്നു. ആ പട്ടണങ്ങൾ മുഴുവനും ലൈംഗിക
അരാജകത്വവും പ്രകൃതിവിരുദ്ധമായ ലൈം
ഗികരീതികളും നിറഞ്ഞവ ആയിരുന്നു. നിത്യാ
ഗ്നിയുടെ ശിക്ഷയാണ് അവർ അനുഭവിക്കു
ന്നത്. നമുക്കുവേണ്ടിയുള്ള ഒരുദാഹരണമാണ്
അവരുടെ ശിക്ഷ.

**8**നിങ്ങളുടെ കൂട്ടത്തിലേക്ക് രഹസ്യമായി
നുഴഞ്ഞു കയറിയിരിക്കുന്ന ആ കൂട്ടരുടെ പാത
യും അതു തന്നെ. സ്വപ്നമാണ് അവരെ നയി
ച്ചത്. പാപത്താൽ അവരെത്തന്നെ അവർ കള
ങ്കിതരാക്കുന്നു. ദൈവത്തിന്റെ ഭരണത്തെ
അവർ നിരാകരിക്കുകയും മഹത്വമുള്ള ദൂതന്മാ
രെപ്പറ്റി ചീത്തക്കാര്യങ്ങൾ പറയുകയും ചെയ്യു
ന്നു. **9**പ്രധാനദൂതനായ മീഖായേൽ പോലും
ഇതു ചെയ്തില്ല. മോശെയുടെ ശരീരം ആരുടെ
പക്കലായിരിക്കണം- എന്നതിനെപ്പറ്റി മീഖാ
യേൽ പിശാചിനോടു തർക്കിച്ചു. വിമർശനാ
ത്മകമായ വാക്കുകൾ ഉപയോഗിച്ച് പിശാ
ചിനെ അപലപിക്കാൻ പോലും മീഖായേൽ
ധൈര്യം കാട്ടിയില്ല. പക്ഷേ മീഖായേൽ പറ
ഞ്ഞു: “കർത്താവ് നിന്നെ ശിക്ഷിക്കട്ടെ.” **10**എ
ന്നാൽ ഈ ജനങ്ങൾ അവർക്കു മനസ്സിലാകാ
ത്തവയെ വിമർശിക്കും. അവർക്കു ചില കാര്യ
ങ്ങൾ മനസ്സിലാകുന്നു. ആലോചനയാലല്ല
അവർ ഇതു മനസ്സിലാക്കുന്നത്. കാട്ടുമൃഗങ്ങൾ
അനുഭൂതിയാൽ കാര്യങ്ങൾ മനസ്സിലാക്കുന്നതു
പോലെയാണ്. ഇതൊക്കെത്തന്നെയാണ്
അവരെ നശിപ്പിക്കുന്നതും. **11**അത് അവർക്ക്
ഭയാനകമാകും. കയീന്റെ പാതയാണ് ഇവർ
പിന്തുടർന്നത്. പണം ഉണ്ടാക്കേണ്ടതിലേക്കായി
അവർ ബിലെയാം പോയ വഴിയിൽ തങ്ങളെ
ത്തന്നെ വിട്ടുകൊടുത്തു. കോരഹ് ചെയ്തതു
പോലെ ദൈവത്തിനെതിരായി ഇവർ കല
ഹിച്ചു. കോരഹിനെപ്പോലെ അവരും നശിപ്പി
ക്കപ്പെടും. **12**നിങ്ങൾ പങ്കുവെക്കുന്ന പ്രത്യേക
ഭക്ഷണത്തിലെ മലിനവസ്തുപോലെയാണ
വർ. അവർ നിങ്ങൾക്കൊപ്പം പേടി കൂടാതെ
ഭക്ഷിക്കുന്നു. അവർ അവരെക്കുറിച്ചു മാത്രം കരു
തുന്നു. മഴ പേറാത്ത മേഘങ്ങളാണ് അവർ.
കാറ്റ് അതിനെ നാലുപാടും ചിതറിക്കും. സമയ
ത്തു ഫലം തരാത്തതുകൊണ്ട് ഭൂമിയിൽനിന്നും
പിഴുതെറിയപ്പെടുന്ന മരങ്ങളാണ് അവർ.
അതിനാൽ അവർ രണ്ടു പ്രാവശ്യം മരിച്ച
വരാണ്. **13**സമുദ്രത്തിലെ ഭയാനകമായ തിര
കൾ പോലെയാണവർ. തിരകൾ പതയുണ്ടാക്കു
ന്നതു പോലെ ഇവർ നാണം കെട്ട പ്രവൃത്തി
കൾ ചെയ്യുന്നു. ആകാശത്തിലെ അലഞ്ഞു
തിരിയുന്ന നക്ഷത്രങ്ങളെപ്പോലെയാണവർ.
ഇവർക്കായി എല്ലാക്കാലത്തേക്കുമായി ഏറ്റവും
അന്ധകാരമയമായ ഒരു സ്ഥലം ഒരുക്കിയിരി
ക്കുന്നു.

**14**ആദാമിൽനിന്നും ഏഴാം തലമുറക്കാരനായ
ഹാനോക്ക് അവരെപ്പറ്റി പറയുന്നു: “നോക്കൂ,
ദൈവം തന്റെ ആയിരമായിരം വിശുദ്ധദൂത
ന്മാരുമായാണ് വരുന്നത്. **15**കർത്താവ് എല്ലാവ
രെയും വിധിക്കും. അവനെതിരായിട്ടുള്ള എല്ലാ
വരെയും വിധിക്കുവാനും ശിക്ഷിക്കുവാനും
ആണ് കർത്താവ് വരുന്നത്. ദൈവത്തിനെതി
രായി ചെയ്ത എല്ലാ തിന്മകൾക്കുംവേണ്ടി
അവൻ അവരെ ശിക്ഷിക്കും. അവർ പറഞ്ഞ
എല്ലാ ദൈവദൂഷണങ്ങളെയും കഠിനമായ

പ്രവൃത്തികളെയും പ്രതി ദൈവം അവരെ
ശിക്ഷിക്കും.”
**16**ഇക്കൂട്ടർ സദാ പരാതിപ്പെടുന്നവരും അന്യ
രിൽ കുറ്റം കണ്ടെത്തുന്നവരുമാണ്. ആഗ്രഹി
ക്കുന്ന തിന്മ അവർ എപ്പോഴും ചെയ്യും. അവർ
സ്വയം പ്രകീർത്തിക്കും. അവർക്ക് ആവശ്യമുള്ള
തുകിട്ടുവാനായി മാത്രം അവർ അന്യരെ പ്രശം
സിക്കും.

### ഒരു മുന്നറിയിപ്പും, ചെയ്യേണ്ട കാര്യങ്ങളും

**17**പ്രിയ സുഹൃത്തുക്കളേ, നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ അപ്പൊസ്തലർ
നേരത്തെ പറഞ്ഞത് ഓർക്കുവിൻ. **18**“അവ
സാന നാളുകളിൽ ദൈവത്തെപ്പറ്റി പറഞ്ഞു
ചിരിക്കുന്നവർ കാണും” എന്നാണ് അപ്പൊ
സ്തലർ പറഞ്ഞത്. അവർ ആഗ്രഹിക്കുന്ന
കാര്യങ്ങൾ മാത്രമേ അവർ ചെയ്യുകയുള്ളൂ. ദൈ
വത്തിന് എതിരായുള്ള പ്രവൃത്തികൾ ആണ്
അവർ ചെയ്യുവാൻ ആഗ്രഹിക്കുന്നത്. **19**ഇക്കൂട്ടർ
ആണ് നിങ്ങളുടെ ഇടയിൽ വിഭജനം ഉണ്ടാക്കി
യത്. അവരുടെ പാപം നിറഞ്ഞ സ്വയം പറയു
ന്നതേ അവർ ചെയ്യൂ. അവരിൽ പരിശുദ്ധാ
ത്മാവ് ഇല്ല.
**20**പക്ഷേ, പ്രിയ സുഹൃത്തുക്കളേ, നിങ്ങളി
ലുള്ള വിശുദ്ധമായ വിശ്വാസം കൊണ്ട് നിങ്ങ
ളെത്തന്നെ ശക്തരാക്കുവിൻ. ആത്മാവിൽ നിറ
ഞ്ഞു പ്രാർത്ഥിക്കുവിൻ. **21**ദൈവസ്നേഹ
ത്തിൽ നിങ്ങളെത്തന്നെ സൂക്ഷിക്കുക. നമ്മുടെ
കർത്താവായ യേശുക്രിസ്തു തന്റെ കരുണ
യാൽ നിങ്ങൾക്കു നിത്യജീവൻ തരുന്ന ദിനത്തി
നായി കാത്തിരിക്കുക.
**22**സംശയം ഉള്ളവരെ സഹായിക്കുക. **23**മറ്റുള്ള
വരെ അഗ്നിയിൽനിന്നും വലിച്ചെടുത്ത്
രക്ഷിക്കുക. ചിലരോടു നിങ്ങൾ കരുണ കാണി
ക്കുമ്പോൾ ശ്രദ്ധാലുക്കളാകുവിൻ. പാപത്താൽ
കളങ്കിതമായ അവരുടെ വസ്ത്രത്തെപ്പോലും
വെറുക്കുവിൻ.

### ദൈവത്തിനു സ്തുതി

**24**ദൈവം ശക്തനും വീഴാതെ പരിപാലിക്കു
ന്നവനുമാണ്. യാതൊരു തെറ്റും നിങ്ങളിൽ
ഇല്ലാതെ, അതിസന്തോഷം പകർന്ന്, അവന്റെ
മുമ്പിൽ നിങ്ങളെ കൊണ്ടുവരുവാൻ അവനു
കഴിയും. **25**അവൻ മാത്രമാണ് ഏകദൈവം.
അവൻ നമ്മുടെ രക്ഷകനാണ്. സർവ്വകാല
ത്തിനു മുമ്പും ഇപ്പോഴും എന്നേക്കും നമ്മുടെ
കർത്താവായ യേശുക്രിസ്തു വഴി അവന് മഹ
ത്വവും പ്രതാപവും ശക്തിയും അധികാരവും
ഉണ്ടായിരിക്കട്ടെ. ആമേൻ.